നം. ജെ.383/2022

ഫാം ഇൻഫർമേഷൻ ബ്യൂറോ,
കവടിയാർ.പി.ഒ.,
തിരുവനന്തപുരം-3
തീയതി : 15/03/2022

**ദർഘാസ് പരസ്യം**

സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് കണ്ണൂർ ജില്ലയിലെ കണ്ണൂർ പോലീസ് ഗ്രൗണ്ടിൽ 2022 ഏപ്രിൽ 2 മുതൽ 14 വരെ നടക്കുന്ന പ്രദർശന വിപണന മേളയിൽ കൃഷി വകുപ്പിനു വേണ്ടി പ്രദർശന നഗരിയിൽ open area ൽ തീം പേയ്ന്റ്, വളർത്തു മൃഗങ്ങളുടേയും വളർത്തു പക്ഷികളുടേയും മാതൃകൾ, ലൈവ് സ്പെസിമെനുകൾ, നെൽപ്പാടം, ജലധാര എന്നിവ ഒരുക്കുന്നതിനലേക്ക് തിരുവനന്തപുരം കവടിയാറിൽ പ്രവർത്തിക്കുന്ന കേരള സർക്കാർ സ്ഥാപനമായ ഫാം ഇൻഫർമേഷൻ ബ്യൂറോ മുദ്രവച്ച ദർഘാസുകൾ പവലിയന്റെ / സ്റ്റാളുകളുടെ നിർമ്മാണം ഏറ്റെടുത്ത് ചെയ്തിട്ടുള്ള പ്രഗത്ഭരിൽ നിന്നും ക്ഷണിച്ചുകൊള്ളുന്നു. 'ഞങ്ങളും കൃഷിയിലേക്ക്', 'മൂല്യവർദ്ധിത ഉല്പന്നങ്ങൾ, കാർബൻ തുലിതാ കൃഷി' എന്നീ ആശയങ്ങളെ അടിസ്ഥാനമാക്കിയാണ് തീം ഏരിയയും open area ഉം തയ്യാറാക്കേണ്ടത്. ടു കവർ സിസ്റ്റം (ടെക്നിക്കൽ ബിഡും പ്രൈസ് ബിഡും) മാതൃകയിലാണ് ദർഘാസുകൾ ക്ഷണിക്കുന്നത്. മേൽ സൂചിപ്പിച്ച ടെക്നിക്കൽ ബിഡും പ്രൈസ് ബിഡും ആയവയുടെ പേരുകൾ പ്രസ്തുത കവറുകളുടെ മുകളിലായി രേഖപ്പെടുത്തി ഒരു കവറിലാക്കി സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ കവടിയാറിലുള്ള ഓഫീസിൽ നിന്നും പ്രവൃത്തി സമയങ്ങളിൽ ലഭിക്കുന്നതാണ്.

| | |
|---|---|
| അടങ്കൽ തുക | - 4,00,000/- രൂപ (നാല് ലക്ഷം രൂപ മാത്രം) |
| നിരതദ്രവ്യം | - 10,000/- രൂപ (പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ. പി.ഒ, തിരുവനന്തപുരം-3 എന്ന വിലാസത്തിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ്) |
| ദർഘാസ് ഫോറത്തിന്റെ വില | |
| അസ്സൽ | - 800 + GST (12%) |
| ഡ്യൂപ്ലിക്കേറ്റ് | - 400 + GST (12%) |
| ദർഘാസ് ഫോറത്തിന്റെ വില്പന അവസാനിക്കുന്ന തീയതിയും, സമയവും | - **30.03.2022 ഉച്ചയ്ക്ക് 12 മണി** |
| ദർഘാസ് ഫോറം സ്വീകരിക്കുന്ന അവസാന തീയതിയും, സമയവും | - **30.03.2022 ഉച്ചയ്ക്ക് 2 മണി** |
| ദർഘാസ് (ടെക്നിക്കൽ ബിഡ്) തുറക്കുന്ന തീയതിയും, സമയവും | - **30.03.2022 വൈകുന്നേരം 4 മണി** |

## ടെണ്ടർ നോട്ട്

വിഷയം **'ഞങ്ങളും കൃഷിയിലേക്ക്' 'മൂല്യവർദ്ധിത ഉല്പന്നങ്ങൾ, കാർബൻ തുലിതാ കൃഷി'** എന്നതാണ്. ടു കവർ സിസ്റ്റം (ടെക്നിക്കൽ ബിഡ് & പ്രൈസ് ബിഡ്) മാതൃകയിലാണ് ദർഘാസുകൾ സ്വീകരിക്കുന്നത്. പ്രസ്തുത വിഷയത്തിന്റെ അടിസ്ഥാനത്തിലുള്ള വിശദമായ 2 ഡി ഡ്രായിംഗും, സാങ്കേതിക യോഗ്യത തെളിയിക്കുന്ന രേഖകളുമാണ് ടെക്നിക്കൽ കവറിൽ ഉൾപ്പെടുത്തേണ്ടത്. പ്രസ്തുത ടെക്നിക്കൽ കവറുകൾ ആദ്യം പരിശോധിക്കുന്നതും അതിൽ നിന്നും ടെക്നിക്കൽ കമ്മിറ്റി തെരെഞ്ഞെടുക്കുന്നവരുടെ മാത്രം തുക രേഖപ്പെടുത്തിയ ദർഘാസുകൾ പരിശോധിക്കുന്നതും ടി ദർഘാസുകളിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ദർഘാസ് അംഗീകരിക്കുന്നതുമാണ്. ടെക്നിക്കൽ ബിഡുകൾ പരിശോധിക്കുമ്പോൾ സമർപ്പിച്ചിട്ടുള്ള 2 ഡി ഡ്രായിംഗിന്റെ സാങ്കേതിക മികവും ഗുണമേന്മയും ആകർഷണീയതയും കൂടാതെ കരാറുകാരന്റെ മുൻപരിചയവും വിലയിരുത്തിയായിരിക്കും കരാറുകാരെ തെരെഞ്ഞെടുക്കുന്നത്.

## കരാറുകാരനുണ്ടായിരിക്കേണ്ട സാങ്കേതിക യോഗ്യതകളും പ്രവൃത്തി പരിചയവും

ദർഘാസ് സമർപ്പിക്കുന്ന കരാറുകാരൻ സർക്കാർ വകുപ്പുകൾക്ക് വേണ്ടി പവലിയനോ സ്റ്റാളോ രണ്ടുമോ ഒരുക്കിയ ഒരു ആളായിരിയ്ക്കണം. പ്രസ്തുത ജോലികൾ കേരള സർക്കാർ വകുപ്പുകൾ, അർദ്ധ സർക്കാർ കമ്പനികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്കു വേണ്ടി ചെയ്തതതായിരിക്കണം. മേൽ സൂചിപ്പിച്ച ജോലികളുടെ വർക്ക് ഓർഡർ, കരാർ, വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവയിലേതെങ്കിലുമോ എല്ലാമോ ടെക്നിക്കൽ ബിഡിനൊപ്പം സമർപ്പിക്കേണ്ടതാണ്.

## ടെക്നിക്കൽ ബിഡ് സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1) ടെക്നിക്കൽ ബിഡിൽ കരാറുകാരൻ മേൽപ്പറഞ്ഞ സാങ്കേതിക യോഗ്യതകളും പ്രവൃത്തി പരിചയവും തെളിയിക്കുന്ന രേഖകൾ ഉൾപ്പെടുത്തേണ്ടതാണ്. മേൽപ്പറഞ്ഞ രീതിയിൽ സമർപ്പിച്ച സാങ്കേതിക യോഗ്യതകൾ തെളിയിക്കുന്ന രേഖകൾക്കുള്ള ആധികാരികത ആവശ്യമെങ്കിൽ പരിശോധനാ വിധേയമാക്കുന്നതാണ്. കൂടാതെ കരാറുകാരന്റെ മുൻപരിചയം തെളിക്കുന്ന രേഖകളും ടെക്നിക്കൽ ബിഡിനൊപ്പം സമർപ്പിക്കേണ്ടതാണ്.
2) കരാറുകാരൻ ടെക്നിക്കൽ ബിഡിനൊപ്പം പവലിയൻ , നിർദ്ദിഷ്ട ഡിസൈനിന്റെയും ലേ ഔട്ടിന്റെയും വിശദമായ 2 ഡി ഡ്രായിംഗ് സമർപ്പിക്കേണ്ടതാണ്. കരാറുകാരൻ ടിയാന്റെ സാങ്കേതിക പരിജ്ഞാനം ഉപയോഗിച്ച് സ്റ്റാൾ വളരെ ആകർഷകവും വിജ്ഞാനപ്രദവുമായ രീതിയിൽ ആവശ്യമായ പ്രകാശശബ്ദ സംവിധാനത്തോടെ ഒരുക്കേണ്ടതാണ്. പ്രസ്തുത സ്റ്റാൾ കൂടുതൽ ആകർഷകവും ആശയസമ്പുഷ്ടവും സമ്മാനാർഹവും ആയ രീതിയിൽ ഒരുക്കാൻ കരാറുകാരൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3) ഡിസൈനിംഗിന് ആവശ്യമായ വിവരങ്ങൾ ഫാം ഇൻഫർമേഷൻ ബ്യൂറോ നൽകുന്നതാണ്. എന്നാൽ കരാറുകാരൻ കൂടുതൽ വിവരങ്ങൾ നിർബന്ധമായും ശേഖരിക്കേണ്ടതും ആയത് പ്രിൻസിപ്പൽ ഇൻഫർമേഷൻ ആഫീസറുടെ അംഗീകാരത്തിന് വിധേയമായി വിനിയോഗിക്കേണ്ടതുമാണ്.
4) കരാറുകാരൻ സമർപ്പിക്കുന്ന 2 ഡി ഡ്രായിംഗിൽ 3 ഡി മോഡലുകൾ ഉൾപ്പെടുത്തുന്ന സ്ഥലങ്ങൾ പ്രത്യേകം മാർക്ക് ചെയ്ത് രേഖപ്പെടുത്തേണ്ടതാണ്.
5) ഇ.എം.ഡി.തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് ടെക്നിക്കൽ ബിഡ്ഡിൽ ഉൾപ്പെടുത്തേണ്ടതാണ്.

**ഫിനാൻഷ്യൽ ബിഡ് സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.**

ഫിനാൻഷ്യൽ ബിഡിൽ ഉൾപ്പെടുത്തി സമർപ്പിക്കുന്ന ടെൻഡർ ഫോമിൽ എല്ലാ പേജിലും ഒപ്പു വെയ്ക്കേണ്ടതും പൂർണ്ണമായും പൂരിപ്പിക്കേണ്ടതുമാണ്. എല്ലാ നികുതികളും ഉൾപ്പെടെയുള്ള തുകയായിരിക്കണം ടെൻഡറിൽ രേഖപ്പെടുത്തേണ്ടത്. ടി തുകയ്ക്ക് പുറമെ അധികമായി മറ്റൊരു നികുതികളും ഉൾപ്പെടുത്താൻ പാടില്ല.

## നിബന്ധനകൾ

1) **തീം ഏരിയുടെ സജ്ജീകരണത്തിൽ "ഹരിതചട്ടം" കർശനമായി പാലിക്കേണ്ടതാണ്.**

2) ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ നിന്നും ലഭ്യമാക്കുന്ന ആശയങ്ങൾ, മാതൃകകൾ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം തീം ഏരിയ്ക്കും മറ്റ് നിർമ്മാണ പ്രവൃത്തികളും പൂർത്തിയാക്കേണ്ടത്.

3) Open area യിൽ ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ നിർദ്ദേശാനുസരണം തീം ഏരിയ, തീം പോയിന്റ് എന്നിവ തയ്യാറാക്കേണ്ടതാണ്.

4) Open area നെൽപ്പാടം ഒരുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5) മാതൃകകൾ, വളർത്തു മൃഗങ്ങളുടേയും പക്ഷികളും live specimen കൾ നിർദ്ദേശാനുസരണം ഒരുക്കേണ്ടതും ആയവയെ പ്രദർശന കാലയളവിൽ പരിപാലിക്കേണ്ടതുമാണ്.

6) പ്രദർശനം അവസാനിക്കുന്നതുവരെ നിർമ്മാണത്തിൽ ഉണ്ടാകുന്ന കേടുപാടുകൾ പരിഹരിക്കുന്നതിന് കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കും.

7) എല്ലാ ജോലികളും റെന്റ് അടിസ്ഥാനത്തിൽ ആണ് പൂർത്തിയാക്കേണ്ടത്.

8) ടെക്നിക്കൽ ബിഡിനോടൊപ്പം നിർദ്ദിഷ്ട മാതൃകയിലുള്ള ഡിസൈൻ തയ്യാറാക്കി സമർപ്പിക്കേണ്ടതും ആയതിന് ആവശ്യമായ വിവരങ്ങൾ, മാതൃകകൾ തുടങ്ങിയ ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ നിന്നും ശേഖരിക്കേണ്ടതുമാണ്.

9) നിർമ്മാണം വിലയിരുത്തപ്പെടുന്നതും നിർമ്മാണത്തിൽ അപാകതകളും കുറവുകളും വരുന്ന പക്ഷം ആയതനുസരിച്ച് പേയ്മെന്റിൽ ആനുപാതികമായി കുറവ് വരുത്താൻ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർക്ക് പൂർണ്ണ അധികാരമുണ്ടായിരിക്കും.

10) അറ്റ് സർക്കാർ ദർഘാസുകൾക്കുള്ള എല്ലാ വ്യവസ്ഥയും ഇതിനു ബാധകമായിരിക്കും.

11) തുക ലഭിക്കുന്നതിനായി ബില്ലിന്റെ പകർപ്പ്, ബങ്ക് അക്കൗണ്ട് വിവരങ്ങൾ (പാസ്സ് ബുക്ക് പകർപ്പ്, പാൻ കാർഡിന്റെ പകർപ്പ് ) തുടങ്ങിയവ സമർപ്പിക്കേണ്ടതാണ്.

12) കോവിഡ് മാനദണ്ഡങ്ങൾ ഉറപ്പു വരുത്താനുള്ള മുൻകരുതൻ സ്വീകരിക്കേണ്ടതാണ്.

13) ദർഘാസ് നടപടികൾ ഏത് ഘട്ടത്തിലോ മാറ്റം വരുത്തുന്നതിനോ റദ്ദ് ചെയ്യുന്നതിനോ ഉള്ള അധികാരം പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

sd/-

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

CAMPAIGN OFFICER
FARM INFORMATION BUREAU
THIRUVANANTHAPURAM-695003.

# കേരള സർക്കാർ

## കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

### ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം. ഫോൺ നം.0471 –2318186

സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് കണ്ണൂർ ജില്ലയിലെ പോലീസ് ഗ്രൗണ്ടിൽ 2022 ഏപ്രിൽ 2 മുതൽ 14 വരെ നടക്കുന്ന പ്രദർശന വിപണന മേളയിൽ കൃഷി വകുപ്പിനു വേണ്ടി പ്രദർശന നഗരി യിൽ open area ൽ തീം പോയിന്റ്, വളർത്തു മൃഗങ്ങളുടേയും വളർത്തു പക്ഷികളുടേയും മാതൃകൾ, ലൈവ് സ്പെസിമെനുകൾ, നെൽപ്പാടം, ജലധാര എന്നിവ ഒരുക്കുന്നതിലേക്ക് ദർഘാസുകൾ ക്ഷണിക്കുന്നതിനുള്ള പരസ്യം.

**ജെ. 383/2022** **തീയതി. 15/03/2022**

| | | |
|---|---|---|
| **അടങ്കൽ തുക** | : | **4,00,000/-** |
| **നിരതദ്രവ്യം (E.M.D) (2.5%)** | : | **10,000/-** |

**ദർഘാസ്ഫോറത്തിന്റെ വില :**

| | | |
|---|---|---|
| **അസ്സൽ** | : | **800 + GST (12%)** |
| **ഡ്യൂപ്ലിക്കേറ്റ്** | : | **400+ GST (12%)** |

| | |
|---|---|
| **ദർഘാസ് ഫോറത്തിന്റെ വില്പന അവസാനിക്കുന്ന തീയതിയും സമയവും** | **: 30.03.2022 ഉച്ചയ്ക്ക് 12 മണി** |
| **ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതിയും സമയവും** | **: 30.03.2022 2 മണി** |
| **ദർഘാസ് (ടെക്നിക്കൽ ബിഡ്) തുറക്കുന്ന തീയതിയും സമയവും** | **: 30.03.2022 4 മണി** |

sd/-

**തീയതി.15/03/2022**

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**
**ഫാം ഇൻഫർമേഷൻ ബ്യൂറോ**

CAMPAIGN OFFICER
FARM INFORMATION BUREAU
THIRUVANANTHAPURAM-695003.

*പകർപ്പ്.*

1. *ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്*
2. *ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് (2 പകർപ്പ്, വെബ്സൈറ്റ്, പ്രസിദ്ധീകരണത്തിനും ഡയറക്ടർക്കും)*
3. *സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്*
4. *ഫാം ഇൻഫർമേഷൻ ബ്യൂറോ, നോട്ടീസ് ബോർഡ്*
5. *ഫാം ഇൻഫർമേഷൻ ബ്യൂറോ, വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്*
6. *സ്റ്റോക്ക് ഫയൽ.*